പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **7109**

11.07..2014 -ൽ
മറുപടിയ്ക്ക്

**രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തനങ്ങൾ**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിന്റെ ഒരു കെട്ടിടം കേരള യൂണിവേഴ്സിറ്റി ലീസിനെടുത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിൽനിന്നും 33 വർഷത്തേയ്ക്ക് ലീസിനെടുത്തിട്ടുണ്ട്. |
| (ബി) ഇവിടെയുള്ള രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (ബി) നടപ്പ് അദ്ധ്യായന വർഷം ബിരുദാനന്തര ബിരുദ തലത്തിലുള്ള രണ്ട് MVA കോഴ്സുകൾ (മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്ട് ഹിസ്റ്ററി) ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കുള്ള സ്റ്റുഡിയോ സൗകര്യങ്ങളും ഉപകരണങ്ങളും സജ്ജമാക്കി വരുന്നു. |

(സി) ഈ സ്ഥാപനം സ്ഥലപരിമിതി മൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മുകളിൽ പ്രസ്താവിച്ച കോഴ്സുകൾ നടപ്പിലാക്കാൻ സ്ഥലപരിമിതിയില്ല. അതുകൊണ്ടുതന്നെ സ്ഥാപനം അടച്ചുപൂട്ടൽ ഭീഷണിയിലല്ല. എന്നാൽ രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിനെ കലകളുടെ ഒരു മാതൃകാ പഠന കേന്ദ്രമായി വികസിപ്പിച്ചെടുക്കുന്നതിന് നിലവിലുള്ള കെട്ടിടം പര്യാപ്തമല്ല.

(ഡി) ഈ സ്ഥാപനം പ്രവർത്തിക്കുന്നതിനായി, കെട്ടിട സമുച്ചയം അടക്കമുള്ള സൗകര്യങ്ങൾക്ക് തഴക്കര പഞ്ചായത്തിലെ അടച്ചു പൂട്ടിയ ഗവൺമെന്റ് എൽ.പി.എസ്. ഫോർ ബോയ്സ് സ്കൂളിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ;

(ഡി) നിലവിൽ ലീസിനെടുത്തിട്ടുള്ള കെട്ടിടത്തിന്റെ സമീപ പ്രദേശത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ അതായിരിക്കും കൂടുതൽ അഭികാമ്യമെന്നും, കൂടാതെ മാവേലിക്കരയിൽ ഈരേഴയിൽ അടച്ചു പൂട്ടിയ ക്ലോറൈറ്റ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിൽനിന്നും നാലേക്കർ സ്ഥലം വിട്ടുകിട്ടിയാൽ കൂടുതൽ പ്രയോജനകരമാകുമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത സ്ഥലം ഏറ്റെടുത്ത് രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ?

(ഇ) അനുയോജ്യമായ സ്ഥലം ലഭ്യമായി കഴിഞ്ഞാൽ, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ